**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2444** **12-10-2021 - ൽ മറുപടിയ്ക്ക്**

**സിപ്കോയുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എം.സച്ചിൻദേവ്** | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന നടുവണ്ണൂർ കാലിക്കറ്റ് ഇന്റഗ്രേറ്റഡ് പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റി (സിപ്കോ) നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്നറിയിക്കാമോ; | (എ) | കാലിക്കറ്റ് ഇന്റഗ്രേറ്റഡ് പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ആധുനികവൽക്കരണത്തിനായി 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 23 ലക്ഷം രൂപയും 20 ലക്ഷം രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | 200 ഓളം സ്ത്രീകൾക്ക് ജോലി നൽകിക്കൊണ്ടിരിക്കുന്ന സിപ്കോ ടെക്സ്റ്റൈയിൽസിന്റെ കടബാധ്യത പരിഹരിക്കുന്നതിനും ആധുനിക യന്ത്രങ്ങൾ സ്ഥാപിച്ച് നവീകരിക്കുന്നതിനും സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ബി) | കാലിക്കറ്റ് ഇന്റഗ്രേറ്റഡ് പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റി കോഴിക്കോട് ജില്ലാ ബാങ്കിൽ നിന്നും എടുത്ത വായ്പ കുടിശ്ശികയുടെ തിരിച്ചടവിനും ജപ്തി നടപടികൾ ഒഴിവാക്കുന്നതിനുമായി സംഘത്തിന്റെ പേരിലുള്ള രണ്ട് ഏക്കർ സ്ഥലം വിൽപന നടത്തുന്നതിനായി സർക്കാർ അനുമതി നൽകിയിരുന്നു. കൂടാതെ, പ്രസ്തുത ബാങ്ക് വായ്പയുടെ പലിശ പരമാവധി കുറച്ചു നൽകണമെന്നും കാലിക്കറ്റ് ഇന്റഗ്രേറ്റഡ് പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലേയ്ക്ക് സർക്കാർ ഷെയർ ആയി തുക അനുവദിക്കണമെന്നുമുള്ള വിഷയത്തിൽ, അപേക്ഷ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ